LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ ലൈൻ റീറ്റിംഗ് എന്നിവയുടെ പണികൾക്ക് കരാർ നടപടികൾ പൂർത്തിയാക്കി. പുതുതായി ഒരു സെൻട്രൽ സ്റ്റെർലൈസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. ആധുനിക രീതിയിലുള്ള എൻഡോസ്കോപ്പി, മൈനർ ഒ. പി. എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നു. ഔട്ട്പേഷ്യന്റ് സൗകര്യങ്ങൾ ആധുനീകരിക്കുക, വ്യത്യസ്ത വിഭാഗം രോഗികൾക്ക് സർജിക്കൽ ഐ.സി.യു. സ്ഥാപിക്കുക, ഉന്നതനിലവാരമുള്ള തിയേറ്റർ ഉപകരണങ്ങൾ സംഭരിക്കുക, ആധുനിക രീതിയിൽ കീമോതെറാപ്പി വാർഡുകൾ സജ്ജീകരിക്കുക, ബ്ലഡ് ബാങ്കിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക പാലിയേറ്റീവ് കെയർ സൗകര്യങ്ങൾ നവീകരിക്കുക തുടങ്ങിയവയ്ക്കും പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

പുതിയ ഐ.സി.യു. ബെഡ്ഡുകൾ, തിയേറ്റർ ടേബിൾ, ഹൈവോൾട്ടേജ് ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം, അഫാറിസിസ് മെഷീൻ, സ്പെക്ട് ഗ്യാമ ക്യാമറ, കമ്പ്യൂട്ടർ ഉപകരണങ്ങൾ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, റിയൽ ടൈം പി.സി.ആർ., ടിഷ്യുപ്രോസസ്സർ, മൾട്ടിപാരാമീറ്റർ, മോണിറ്റർ എന്നിവ വാങ്ങുന്നതിന് ഗ്ലോബൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ജില്ലാ ക്യാൻസർ കെയർ പദ്ധതി

14 (8074) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് "ജില്ലാ കാൻസർ കെയർ" പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ സേവനം ലഭ്യമാകുന്നത് എവിടെയെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത ആശുപത്രിയിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളും റീജിയണൽ കാൻസർ സെന്ററുകളുമില്ലാത്ത ജില്ലകളിൽ സർക്കാർ മേഖലയിൽ സൗജന്യ അർബുദ രോഗ ചികിത്സ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ ക്യാൻസർ കെയർ പദ്ധതി ആരംഭിച്ചത്. എന്നാൽ പദ്ധതിയുടെ പൊതുജന സ്വീകാര്യത കണക്കിലെടുത്ത് ഇത്

എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇപ്പോൾ തിരുവനന്തപുരവും ഇടുക്കിയും ഒഴികെ എല്ലാ ജില്ലകളിലും ഇത് പ്രവർത്തനക്ഷമമാണ്.

(ബി) വയനാട് ജില്ലയിൽ നല്ലൂർനാട് സർക്കാർ ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഈ സംവിധാനമൊരുക്കിയിട്ടുണ്ട്.

(സി) 2013 ജൂണിലാണ് നല്ലൂർനാട് ടൈബൽ ആശുപത്രിയിൽ ഈ പദ്ധതി ആരംഭിച്ചത്. സർവ്വീസിൽ ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് കീമോതെറാപ്പിയിൽ വിദഗ്ധ പരിശീലനം നേടിയ രണ്ട് ഡോക്ടർമാരെയും രണ്ട് സ്റ്റാഫ് നഴ്സുമാരെയും ഈ സെന്ററിലേക്ക് വിന്യസിക്കുകയുണ്ടായി. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായി കീമോതെറാപ്പി വാർഡും ഇവിടെ സജ്ജീകരിക്കുകയുണ്ടായി. പേഷ്യന്റ് മോണിറ്റർ, ഇൻഫ്യൂഷൻ പമ്പുകൾ, മറ്റ് അത്യാവശ്യ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ആരോഗ്യവകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ നൽകിയ ഫണ്ടുപയോഗിച്ച് വാങ്ങുകയുണ്ടായി. ഇവിടെ കീമോതെറാപ്പി, പാലിയേറ്റീവ് കീമോതെറാപ്പി, അസൈറ്റിക് ടാപ്പിംഗ്, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ തുടങ്ങിയ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടകം 408 (നാനൂറ്റി എട്ട്) കീമോതെറാപ്പി ഈ ആശുപത്രിയിൽവച്ച് നൽകുകയും 159 (നൂറ്റി അൻപത്തി ഒൻപത്) പുതിയ ക്യാൻസർ കേസുകൾ നിർണ്ണയിക്കപ്പെടുകയും ചെയ്തു.

മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.

15 (8075) ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി. തുടങ്ങുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോഴിക്കോട്, കോട്ടയം, സർക്കാർ മെഡിക്കൽ കോളേജുകളെ നിലവിൽ ടെർഷ്യറി ക്യാൻസർ കെയർ സെന്ററുകളാക്കി ഉയർത്തിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിലെ

LIBRARY ARCHIVES Kerala Legislative Assembly